ടെണ്ടർ ചെയ്ത പാലങ്ങളുടെ പണി

1390. [1981] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. ടെൻഡർ ചെയ്തതും കരാർ ഏൽപ്പിച്ചിട്ടുള്ളതുമായ ഏതെങ്കിലും പാലങ്ങളുടെ പണി ആരംഭിക്കുവാനുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) പണി തുടങ്ങിയവയിൽ പൂർത്തിയാകാത്തത് വല്ലതുമുണ്ടോ, ഉണ്ടെങ്കിൽ എത്ര ;

(സി) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ അയിലം പാലത്തിന്റെ പണിയുടെ ഇപ്പോഴത്തെ അവസ്ഥ എന്ത് ;

(ഡി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് ബി. ആൻഡ് ആർ. വിഭാഗത്തിൽ അഞ്ചു പാലങ്ങളുടെ പണി ആരംഭിക്കുവാനുണ്ട്.

(ബി) ഉണ്ട്. ബി. ആൻഡ് ആർ. വിഭാഗത്തിൽ അറുപതും നാഷണൽ ഹൈവേ വിഭാഗത്തിൽ ആറും പാലങ്ങളുടെ പണി പൂർത്തിയാകാനുണ്ട്.

(സി) പാലത്തിന്റെ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ച് നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രാഥമിക നടപടികളും പൂർത്തിയായിട്ടില്ലാത്തതിനാൽ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ പ്രയാസമാണ്.

താന്നിക്കണ്ടി പാലം

1391. [1982] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര-ഹൈറേഞ്ച് ചക്കിട്ടപാറ റോഡിലെ താന്നിക്കണ്ടി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പാലത്തിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(സി) പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കും ?

ഉത്തരം

(എ) ഇല്ല.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് ഇപ്പോൾ കൃത്യമായി പറയുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly